# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3063** **07.02.2018** -ലെ മറുപടിയ്ക്ക്

**<u>സർവ്വകലാശാലകളുടെ ഏകോപനം</u>**

*ചോദ്യം*

ശ്രീ.എ. പ്രദീപ്കുമാർ
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.റ്റി.വി.രാജേഷ്
,, എൻ. വിജയൻ പിള്ള

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഭരണ നിർവ്വഹണവും അക്കാദമിക് പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേരള , മഹാത്മാഗാന്ധി, കോഴിക്കോട്, കുസാറ്റ്, കണ്ണൂർ സർവ്വകലാശാലകളെ ബന്ധിപ്പിച്ച് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) (സി) & (ഡി) | 21.11.2017 ലെ ജി.ഒ.(സാധാ) 2107/2017/ഉവിവ പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തി പദ്ധതി നടപ്പാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ടി സമിതിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ആദ്യപടിയായി ഏതെല്ലാം സർവ്വകലാശാലകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ഏത് ഏജൻസിയെയാണ് ഏകോപന നടപടികളുടെ ചുമതല ഏൽപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ